പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3525          18.02.2013 - ൽ മറുപടിയ്ക്ക്

## വാർദ്ധക്യകാല പെൻഷന് അപേക്ഷിക്കുവാനുള്ള പ്രായപരിധി

ചോദ്യം                                                        ഉത്തരം

ശ്രീ. എ. എ. അസീസ്                                  **ഡോ. എം.കെ. മുനീർ**
( ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കേന്ദ്ര സർക്കാർ പദ്ധതിയായ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷന്, അപേക്ഷിക്കുവാനുള്ള പ്രായപരിധി, കേന്ദ്ര സർക്കാർ മാനദണ്ഡ പ്രകാരം എത്രയാണ്; | (എ) | പദ്ധതിയുടെ അർഹതയ്ക്കുള്ള പ്രായപരിധി 60 വയസ്സിനു മുകളിലുള്ളവർക്കായി കേന്ദ്രസർക്കാർ ഭേദഗതി ചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാന സർക്കാർ, അപേക്ഷകന് എത്ര വയസായി നിജപ്പെടുത്തിയിരിക്കുന്നു; | (ബി) | സംസ്ഥാനത്ത് 65 വയസ്സിനുമുകളിലുള്ളവർക്കാണ് നിലവിൽ പെൻഷന് അർഹതയുള്ളത് |
| (സി) | കേന്ദ്ര സർക്കാർ തീരുമാനത്തിൽ വയസ് കുറവായിരിക്കുകയും സംസ്ഥാന സർക്കാർ ഉത്തരവ് പ്രകാരം വയസ് കൂടിയിരിക്കുകയും ചെയ്യുന്നത് യോഗ്യരായ ഗുണഭോക്താക്കളുടെ എണ്ണം കുറയ്ക്കുമെന്ന കാര്യം പരിശോധിക്കുമോ; | | ഗുണഭോക്താക്കളുടെ പ്രായപരിധി കേന്ദ്ര സർക്കാർ 60 വയസ്സായി കുറച്ച സാഹചര്യത്തിൽ ആയത് സംസ്ഥാനത്തും നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ഡി) | ഇത് വഴി എത്ര കോടി രൂപയുടെ കേന്ദ്ര സഹായമാണ് കേരളത്തിന് നഷ്ടപ്പെടുന്നതെന്ന് വ്യക്തമാക്കുമോ; | (സി) യും (ഡി) യും (ഇ) യും | കേന്ദ്ര സർക്കാരിന്റെ കണക്കുകൾ പ്രകാരം 80 വയസ്സിനു മുകളിലുള്ള 60098 പേരടക്കം 60 വയസ്സിനു മുകളിലുള്ള 449158 പേർക്കാണ് ഈ പെൻഷന് സംസ്ഥാനത്തുനിന്നും കേന്ദ്ര സഹായത്തിന് അർഹതയുള്ളത്. ഇതിൽ 80 വയസ്സിനുമുകളിൽ 60088 പേരുൾപ്പെടെ 289141 പേർക്ക് നിലവിൽ സംസ്ഥാനത്ത് പെൻഷൻ നൽകുന്നുണ്ട്. 80 വയസ്സിനു മുകളിലുള്ളവർക്ക് 500/- രൂപ വീതവും മറ്റുള്ളവർക്ക് 200 രൂപ വീതവുമാണ് ഈ പദ്ധതിയിൽ കേന്ദ്ര വിഹിതമായി ലഭിക്കുന്നത്. |
| (ഇ) | സംസ്ഥാന സർക്കാർ വാർദ്ധക്യകാല പെൻഷന് അപേക്ഷിക്കാനുള്ള പ്രായപരിധി 60 വയസായി കുറച്ച് ഉത്തരവ് പുറപ്പെടുവിക്കുമോ? | | |

R. Vijayan

സെക്ഷൻ ഓഫീസർ